# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2676 20.06.2013 -ലെ മറുപടിക്ക്.</u>**

**<u>പ്ലസ് വൺ പ്രവേശനത്തിന് സ്പോർട്ട്സ് ക്വാട്ട</u>**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| | ശ്രീ. കെ. രാജു | ശ്രീ. പി. കെ. അബ്ദുറബ്ബ് (ബഹു: വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിന് സ്പോർട്ട്സ് ക്വാട്ടയിൽ ആകെ എത്ര സീറ്റുകളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ ; സ്പോർട്ട്സ് ക്വാട്ടയിൽ തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ ; | (എ) & (ബി) 2013 -14 അധ്യയന വർഷം സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിന് സ്പോർട്സ് ക്വാട്ടയിൽ ആകെ 7250 സീറ്റുകളാണ് സംവരണം ചെയ്തിട്ടുള്ളത് (സയൻസിൽ 3780 സീറ്റുകളും ഹ്യൂമാനിറ്റീസിൽ 1680 സീറ്റുകളും , കൊമേഴ്സിൽ 2160 സീറ്റുകളും). സ്പോർട്ട്സ് ക്വാട്ടയിൽ അർഹതയില്ലാത്തവർക്ക് പ്രവേശനം നൽകുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല. സ്പോർട്ട്സ് ക്വാട്ട അഡ്മിഷൻ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ഈ വർഷം മുതൽ അഡ്മിഷൻ ഓൺ ലൈനിലാണ്. രണ്ട് ഘട്ടങ്ങൾ ഉൾപ്പെട്ട ടി സംവിധാനത്തിലെ ആദ്യ ഘട്ടത്തിൽ സ്പോർട്ട്സിൽ മികവ് നേടിയ വിദ്യാർഥികൾ അവരുടെ സ്പോർട്സ് സർട്ടിഫിക്കറ്റുകൾ അതാത് ജില്ലാ സ്പോർട്ട്സ് കൗൺസിലുകളിൽ ഓൺ ലൈൻആയി രജിസ്റ്റർ ചെയ്യേണ്ടതാണ്. ജില്ലാ സ്പോർട്ട്സ് കൗൺസിൽ അധികാരികൾ ഓരോ വിദ്യാർഥിയുടേയും സ്പോർട്സ് സർട്ടിഫിക്കറ്റ് വിവരങ്ങൾ ആയതിലേയ്ക്ക് |
| (ബി) | സ്പോർട്ട്സ് ക്വാട്ടയിൽ അർഹതയില്ലാത്തവർക്കും പ്രവേശനം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് സുതാര്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | |

തയ്യാറാക്കുന്ന പ്രത്യേക ഓൺ
ലൈൻ സംവിധാനത്തിലൂടെ
വേരിഫിക്കേഷൻ നടത്തുമ്പോൾ
തന്നെ ഒരു സ്കോർ കാർഡ് ഓരോ
വിദ്യാർത്ഥിയ്ക്കും ജനറേറ്റ്
ചെയ്യപ്പെടും. മേയ് ആദ്യ വാരം
മുതൽ ജൂൺ ആദ്യ വാരം വരെ
ഇത്തരത്തിൽ രജിസ്ട്രേഷൻ
നടത്താവുന്നതാണ്. രണ്ടാം
ഘട്ടത്തിൽ പ്ലസ് വൺ അഡ്മിഷന്
യോഗ്യത നേടുന്ന
വിദ്യാർത്ഥികൾക്ക് സ്പോർട്ട്സ്
ക്വാട്ടയിൽ അഡ്മിഷൻ
ലഭിക്കുന്നതിനായി അവരുടെ
അപേക്ഷ ഓൺ ലൈനായി
സമർപ്പിക്കാവുന്നതാണ്.ടി
അപേക്ഷയിൽ വിദ്യാർത്ഥിയ്ക്ക്
താൽപര്യമുള്ള സ്കൂൾ/കോഴ്സുകൾ
ഓപ്ഷനായി നൽകാവുന്നതാണ്.
സേ ഉൾപ്പടെയുള്ള പരീക്ഷയുടെ
റിസൾട്ട് പ്രസിദ്ധീകരിച്ച ശേഷമുള്ള
ഒരു തീയതി ആയിരിക്കും
അപേക്ഷിക്കുവാനുള്ള അവസാന
തീയതി. (ജൂൺ ആദ്യ വാരം വരെ
സ്പോർട്ട്സ് ക്വാട്ടയിൽ
അപേക്ഷിക്കുവാൻ
അവസരമുണ്ടായിരിക്കും)
ഏകജാലക സംവിധാനത്തിന്റെ
മുഖ്യ ഘട്ടത്തിലെ അവസാന
അലോട്ടമെന്റിന് മുൻപായി രണ്ട്
പ്രത്യേക അലോട്ട്മെന്റും റാങ്ക്
ലിസ്റ്റും വെബ് സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതാണ്. ഓരോ
സ്കൂളിലേയും സ്പോർട്ട്സ് സീറ്റുകളുടെ
വിവരങ്ങൾ ഹയർസെക്കന്ററി
ഡയറക്ടറേറ്റിന്റേയും സ്പോർട്ട്സ്
കൗൺസിലിന്റേയും
വെബ് സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതാണ്.

(signature)

സെക്ഷൻ ഓഫീസർ